**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3432** **15-02-2024 - ൽ മറുപടിയ്ക്ക്**

**ക്ലാസ് മുറികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിൽ മാനേജ്മെന്റ് വരുത്തിയ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് എസ്.സി.വി.ബി.എച്ച്.എസ്. -ലെ ക്ലാസ് മുറികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിൽ മാനേജ്മെന്റ് വീഴ്ച വരുത്തിയതിനാൽ സ്റ്റാഫ് ഫിക്സേഷനിൽ അദ്ധ്യാപക തസ്തികകൾ നഷ്ടമാകുകയും തന്മൂലം അദ്ധ്യാപകർ ജോലി ചെയ്ത ദിവസങ്ങളിൽ വാങ്ങിയ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കാൻ ഉത്തരവാകുകയും അനദ്ധ്യാപക ജീവനക്കാർക്ക് നിലവിൽ ശമ്പളം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജ്മെന്റിൽപ്പെട്ട ചിറയിൻകീഴ് SCVBHS ലെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച് വിഷയങ്ങൾ വർഷങ്ങളായി ഉള്ളതാണ്. 2022-23 ൽ കെട്ടിടങ്ങളുടെ ഫിറ്റ്നസ് കിട്ടാത്തതുകൊണ്ട്, മതിയായ കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ ക്ലാസ്സുകളും, ഡിവിഷനുകളും കുറച്ചാണ് തസ്തിക നിർണ്ണയം നടത്തി ഡിവിഷനുകളും, തസ്തികകളും അനുവദിച്ചിരുന്നത്. 2022-23 ൽ ആകെ 15 റൂമിൽ 4 എക്സ്ട്രാ റൂമുകൾ കുറവ് ചെയ്ത് 11 ഡിവിഷനുകളും , തസ്തികകളും ആണ് അനുവദിച്ചിരുന്നത്. ഇപ്രകാരം കുറവ് വന്ന തസ്തികകൾ മൂലം പുറത്തായ അധ്യാപകരെ മാനേജർ ക്രമീകരിക്കുകയോ, പുനർ വിന്യസിക്കുകയോ ചെയ്തിട്ടില്ല. ക്രമീകരിക്കപ്പെടാത്ത അധ്യാപകർക്ക് വകുപ്പിന്റെ അറിവോ സമ്മതമോ ഇല്ലാതെ Drawing and Disbursing Officerകൂടിയായ പ്രഥമാധ്യാപിക ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമായി ശമ്പളം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ജോലി ചെയ്തതിന് ലഭിച്ച ആനുകൂല്യങ്ങൾ മാനേജ്മെന്റ് വീഴ്ചയുടെ പേരിൽ അദ്ധ്യാപകർ തിരിച്ചടയ്ക്കണമെന്ന സമീപനം ഉചിതമല്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി ആനുകൂല്യങ്ങൾ തിരികെ പിടിക്കാനുള്ള നടപടി അവസാനിപ്പിക്കുന്നതിനും അനദ്ധ്യാപകർക്ക് അവർ ജോലി ചെയ്ത കാലയളവിലെ തടഞ്ഞു വെച്ചിരിയ്ക്കുന്ന ശമ്പളം അനുവദിയ്ക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത സ്കൂൾ മാനേജ്മെന്റ് 2023-24 അധ്യയന വർഷത്തിൽ ഫിറ്റ്നസ് നേടുന്നതിനായുള്ള | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവ് നം. |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഫിറ്റ്നസ് നൽകിയിട്ടുണ്ടോ; എത്ര ക്ലാസ് മുറികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | | RA1/15210//2023/ഡി.ജി.ഇ തീയതി : 22/12/2023 പ്രകാരം ചിറയിൻകീഴ് SCVBHS നിലവിലെ ചട്ടപ്രകാരം മാത്രം 2023-24 ലെ തസ്തക നിർണ്ണയം നടത്തുന്നതിനു ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് അനുസരിച്ച് SCVBHS ൽ 8 മുറികൾ 2023 -24 വർഷത്തെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാവുന്നതാണെന്ന് കണ്ടെത്തി. (അതായത് മൊത്തം 12 മുറികളിൽ നാല് എക്സ്ട്രാ ക്ലാസ്സ് റൂം ഒഴിവാക്കിക്കൊണ്ട് ആകെ 8 ഡിവിഷനുകൾ). ടി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച നടപടികൾ പൂർത്തിയായി വരവേ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/12/2023 ലെ RA1/15210/2023/ ഡി.ജി.ഇ നമ്പർ ഉത്തരവ് Kept in abeyance വച്ചുകൊണ്ട് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ഡി) | സ്കൂളിന് മതിയായ ഫിറ്റ്നസ് ലഭിക്കാത്ത പക്ഷം ഫിറ്റ്നസ് ഉള്ള ക്ലാസ് മുറികളിൽ പഠിക്കുക എന്നത് കുട്ടികളുടെ അവകാശമായതിനാലും പഠന-പരീക്ഷപ്രവർത്തനങ്ങളും സുരക്ഷയും മുൻനിർത്തി കുട്ടികളെ സമീപത്തെ മറ്റു സ്കൂളുകളിലേക്ക് താത്കാലികമായി മാറ്റുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | മേല്പറഞ്ഞ പ്രകാരം അധികമുള്ള കുട്ടികളെ മറ്റു സ്കൂളുകളിലേക്ക് മാറ്റുന്നതിനാൽ ഈ സ്കൂളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ജോലി സംരക്ഷിച്ച് മാനേജ്മെന്റിന്റെ മറ്റു സ്കൂളുകളിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ പുനർ വിന്യസിക്കുന്നതിനും അധികമുള്ളവരെ അദ്ധ്യാപക ബാങ്കിലേക്ക് മാറ്റി മറ്റു സ്കൂളുകളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പുന;ക്രമീകരിച്ച്, മാനേജർ ലിസ്റ്റ് തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ടി ലിസ്റ്റ് പ്രകാരം സംരക്ഷണത്തിന് അർഹതയുള്ളവരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ